**ശ്രദ്ധക്ഷണിക്കൽ**

**ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരുടെ പ്രശ്നങ്ങൾ**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ നാടിന്റെ വികസനത്തിൽ വലിയ പങ്ക് വഹിച്ചവരാണ് പ്രവാസികളും മറുനാടൻ മലയാളികളും. മുംബൈ, ദില്ലി, ചെന്നൈ, ബാംഗ്ളൂർ, കൊൽക്കത്ത, ഹൈദ്രാബാദ്, അഹമ്മദാബാദ് തുടങ്ങിയ നിരവധി നഗരങ്ങളിൽ താമസിക്കുന്ന മറുനാടൻ മലയാളികൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം യാത്രാപ്രശ്നമാണ്. പലപ്പോഴും ട്രെയിനിൽ സുരക്ഷയില്ല. ട്രെയിനിൽ മതിയായ സുരക്ഷ ഒരുക്കാൻ റെയിൽവേയോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടണമെന്നാണ് എനിക്ക് ആദ്യമായി ഉന്നയിക്കാനുള്ളത്. മറ്റൊന്ന്, മുംബൈ ഉൾപ്പെടെയുള്ള നഗരങ്ങളിൽ പ്രവർത്തിക്കുന്ന നോർക്കയുടെ പ്രവർത്തനം കുറേക്കൂടി നന്നായി നടത്താൻ കഴിയണം. ഇപ്പോൾ നോർക്കയുടെ പ്രവർത്തനം വളരെ ദുർബലമാണ്. ഇവിടെനിന്ന് ട്രാൻസ്ഫർ ചെയ്യുന്ന ചില ഉദ്യോഗസ്ഥർ അവിടെ ചാർജെടുത്തതിനുശേഷം ലീവെടുക്കുകയാണ്. നോർക്കയുടെ പ്രവർത്തനം ഫലപ്രദമായി നടത്താൻ അവരുടെ ആവശ്യമുണ്ട്. അതത് നഗരത്തിലുള്ള മറുനാടൻ മലയാളികളിൽനിന്ന് അവിടേയ്ക്കാവശ്യമായ ആളുകളെ റിക്രൂട്ട് ചെയ്യാനുള്ള

തീരുമാനം ഗവൺമെന്റ് എടുക്കണം. അതിനാവശ്യമായ നിയമ ഭേദഗതി ഉൾപ്പെടെ കൊണ്ടുവരണമെന്ന ആവശ്യമാണ് മുന്നോട്ടു വയ്ക്കുന്നത്.

പ്രവാസി ക്ഷേമനിധിയിൽ മറുനാടൻ മലയാളികൾക്കും ചേരാവുന്നതാണ്. എന്നാൽ ഈ ക്ഷേമനിധിയിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. അത് വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഈ ക്ഷേമനിധിയിൽ ചേരുന്നതിന് വൻ നഗരങ്ങളിലെ നോർക്ക ഓഫീസുകളിൽ സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറുനാടൻ മലയാളികൾക്കായി ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് അവർ ആവശ്യപ്പെടുന്നുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മുംബൈയിലെ കേരള ഹൗസിലെ ഹാൾ അവിടെയുള്ള മലയാളി സംഘടനകൾക്ക് ചുരുങ്ങിയ ചെലവിൽ വാടകയ്ക്ക് കൊടുക്കുന്നില്ല എന്നൊരു പരാതിയുണ്ട്. തൊട്ടടുത്തുള്ള ഒറീസ്സ ഹൗസിലാണ് പലപ്പോഴും മലയാളി സംഘടനകൾ പരിപാടി നടത്തുന്നത്. കേരള ഹൗസിൽ ചുരുങ്ങിയ ചെലവിൽ പരിപാടികൾ നടത്താൻ മലയാളി സംഘടനകൾക്ക് അവസരം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മുംബൈയിലും ഡൽഹിയിലുമൊക്കെ ജീവിക്കുന്ന മലയാളി കുടുംബങ്ങളിലെ കുട്ടികൾക്ക് മലയാളം പഠിപ്പിക്കാനുള്ളൊരു സംവിധാനം

അവിടെയുണ്ട്. അവിടത്തെ സംഘടനകളും നടത്തുന്നുണ്ട്. നമ്മുടെ മലയാളം മിഷന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ സഹായധനം പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ അതിൽ തുടർനടപടി ഉണ്ടായില്ല. ചെറിയ തോതിലുള്ള സഹായം സംസ്ഥാന ഗവൺമെന്റ് സംവിധാനങ്ങൾവഴി നൽകിയാൽ ഫലപ്രദമായി മലയാള പഠനം സുഗമമായി നടത്താൻ കഴിയും. അതുകൂടി നിർവ്വഹിക്കണമെന്ന കാര്യം ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്.

**ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരുടെ പ്രശ്നങ്ങൾ**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ തൊഴിലെടുക്കുന്ന കേരളീയർ നേരിടുന്ന പ്രശ്നങ്ങൾ, അവരുടെ തൊഴിൽ, ജീവിത സുരക്ഷ, മരണമടയുന്ന കേരളീയരുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം, തൊഴിൽ പ്രശ്നങ്ങൾക്കായി നിയമസഹായ സെൽ രൂപീകരണം, ഐ.ടി. മേഖലയിൽ പ്രധാനമായും ബാംഗ്ലൂർ, ഹൈദ്രാബാദ് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുടെ പ്രശ്നങ്ങൾ, നോർക്ക റൂട്ട്സിന്റെ ഓഫീസുകളുടെ വിപുലീകരണം, മലയാള മിഷന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കൽ, കേരളത്തിലേക്കുള്ള യാത്രാസൗകര്യം ഇവയൊക്കെയാണ്.

ഇക്കാര്യത്തിൽ കേരളത്തിനു പുറത്തുള്ള കേരളം എന്ന ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ നടപ്പിലാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അന്യസംസ്ഥാനങ്ങളിൽ മരണമടയുന്ന മലയാളികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ആശ്വാസ സഹായമായി നിലവിൽ 15,000/- രൂപ അനുവദിച്ചു വരുന്നുണ്ട്. കൂടാതെ സാന്ത്വന പദ്ധതിപ്രകാരം ചികിത്സാധനസഹായവും മരണാനന്തര ധനസഹായവും പ്രവാസിക്ഷേമ ബോർഡിൽ അംഗങ്ങളായവർക്ക് അനുവദനീയമായ ആനുകൂല്യങ്ങളും നൽകിവരുന്നു. പ്രവാസി തിരിച്ചറിയൽ കാർഡ് ഇൻഷ്വറൻസ് കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കം, പ്രക്ഷോഭം ഇവയിലെല്ലാം അകപ്പെട്ടുപോകുന്ന മലയാളികൾക്ക് നോർക്ക വകുപ്പും ഡെൽഹിയിലെ കേരളാ ഹൗസും കേരള ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും ആവശ്യമായ രക്ഷാ പ്രവർത്തനങ്ങൾ നടത്തുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന അന്യസംസ്ഥാന മലയാളികൾക്ക് ഉണ്ടാകുന്ന ഏതുതരം പ്രശ്നങ്ങൾക്കും അതതു സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലേക്കുള്ള ട്രെയിൻ, വിമാന

ഗതാഗത സൗകര്യം അപര്യാപ്തമാണെന്നുള്ളത് വസ്തുതയാണ്. അത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും യഥാസമയം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിനു പുറത്ത് ജോലി ചെയ്യുന്നവരുടെ തൊഴിൽ, ജീവിതസുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ കൃത്യമായ വിവരങ്ങൾ മനസ്സിലാക്കുന്നതിനുംവേണ്ടി കേന്ദ്രസർക്കാരിന്റെ  സഹായത്തോടെ പാസ്പോർട്ട് ലിങ്ക്ഡ് ഡാറ്റാ കളക്ഷൻ ഉദ്ദേശിക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ചില പ്രത്യേക പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ഇടപെടേണ്ട കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകതന്നെ ചെയ്യും.  മുംബൈ, ഡൽഹി, കൊൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിലെല്ലാം നോർക്കയുടെ പ്രവർത്തനം ഏതു തരത്തിൽ വിപുലീകരിക്കാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്. അതോടൊപ്പം മുംബൈ കേരള ഹൗസിന്റെ സൗകര്യത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അവിടത്തെ സൗകര്യങ്ങൾ പരിശോധിച്ചുകൊണ്ട് ആവശ്യമായ തീരുമാനം എടുക്കുന്നതായിരിക്കും. മലയാളി കുടുംബങ്ങളിലെ കുട്ടികളിലേക്ക് മലയാളം എത്തിക്കുന്നതിന് ആവശ്യമായ

നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടപ്പെട്ട സഹായങ്ങൾ സർക്കാർ നൽകുകയും ചെയ്യുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നോർക്കയിലേക്ക് ഇവിടെനിന്നും ട്രാൻസ്ഫർ ചെയ്യുന്ന ആളുകൾ അവിടെ ജോയിൻ ചെയ്ത് ലീവ് എടുക്കുകയാണ്. ഇവിടെയുള്ള നമ്മുടെ ജീവനക്കാർ മുംബൈയിലോ ഡൽഹിയിലോ പോയി ജോലി ചെയ്യുന്നതിന് കുടുംബപരമായ പ്രശ്നങ്ങളുമുണ്ട്. അതുകൊണ്ട് അവിടെയുള്ള മലയാളികളിൽ നിന്ന് റിക്രൂട്ട് ചെയ്യാനുള്ള നിയമഭേദഗതിക്ക് സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട നയത്തിന്റെ കാര്യമാണ്. അതിൽ പ്രാദേശികമായ റിക്രൂട്ട്മെന്റ് സാധാരണ ഇല്ലാത്ത ഒരു കാര്യമാണ്. അതുകൊണ്ട് അത് പ്രയാസമുണ്ടാക്കുമെന്നാണ് തോന്നുന്നത്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)